## മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി

150 [2590] ശ്രീ. കെ. സുധാകരൻ :
,, പി. ടി. തോമസ് :
,, ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 1-9-2001 മുതൽ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഗവൺമെന്റ് ആഭിമുഖ്യത്തിൽ വീട് നിർമ്മിച്ചുകൊടുത്തിട്ടുണ്ട്;

(ബി) പുതുതായി എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു കൊടുക്കുവാൻ പദ്ധതിയുണ്ട്;

(സി) ഇത്രയും വീടുകൾ ഏത് കാലയളവിനുള്ളിൽ നിർമ്മിച്ചു കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഒരു വീട് നിർമ്മിക്കുവാൻ വേണ്ടി വരുന്ന ചെലവെത്രയാണ് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലായി 5945 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നല്കിയിട്ടുണ്ട്.

(ബി) ഈ വർഷം അധിക കേന്ദ്ര സഹായം ഉപയോഗിച്ച് 2500 പേർക്കും അടുത്ത സാമ്പത്തികവർഷം 1500 പേർക്കും വീട് വയ്ക്കുന്നതിനുള്ള ഗ്രാന്റ് നൽകാൻ പദ്ധതിയുണ്ട്.

(സി) 31-3-2006-നകം നിർമ്മിച്ചു കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടിന് 70,000 രൂപയോളം ചെലവു വരും. ഫിഷറീസ് വകുപ്പിൽ നിന്നും ഒരു വീടിന് 40,000 രൂപയാണ് ധനസഹായം നല്കുന്നത്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ 2486, 2487, 2591 എന്നിവയുടെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly